**HARITHA V. KUMAR IAS**
**DIRECTOR OF COLLEGIATE EDUCATION**

**Directorate of Collegiate Education**
**VI^th Floor, Vikas Bhavan**
**Thiruvananthapuram-33**
Phone { Office : 0471-2303548
Fax : 0471-2300106
E-mail : dcedirectorate@gmail.com
website : www.collegiateedu.kerala.gov.in

Date...........................

നം.വി.സി /38448/2018/കോ.വി.വ                                        തീയതി: 15/09/2018

## അഭ്യർത്ഥന

സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രളയക്കെടുതി വരുത്തി വച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ പൂർവ്വ സ്ഥിതി വീണ്ടെടുക്കുന്നതിനായുള്ള പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകണമെന്ന് ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. ധനകാര്യ (ഫണ്ട്സ്) വകുപ്പിന്റെ 11/09/2018 തീയതിയിലെ സ.ഉ.(അച്ചടി) നം. 144/2018/ധന. ഉത്തരവ് പ്രകാരം ശമ്പളം നൽകുന്നത് സംബന്ധിച്ച മാർഗ നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സർക്കാരിന് കൈത്താങ്ങാകുന്നതിനായി കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിലേയും വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലേയും എല്ലാ അദ്ധ്യാപക/മിനിസ്റ്റീരിയൽ ജീവനക്കാരും ഒരു മാസത്തെ ശമ്പളം സർക്കാർ ഉത്തരവിലെ മാർഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവനയായി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

(signature)

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയ ജീവനക്കാർ
2. എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/
   എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും
   *(എല്ലാ ജീവനക്കാരേയും അറിയിക്കുന്നതിനായി)*
3. നടപ്പു ഫയൽ